

KANNUR
PARASSINIKI
ഓപ്പറേഷൻ
മിത്ര

തളിപ്പറമ്പ ബസ്സ്റ്റാന്റിൽ ബസ് ജീവനക്കാർക്ക് വിദ്യാർത്ഥികൾ സൗഹൃദ സന്ദേശം നൽകുന്നു.

ബസ് ജീവനക്കാർക്ക് സൗഹൃദ സന്ദേശം പകർന്ന് വിദ്യാർത്ഥികളുടെ 'ഓപ്പറേഷൻ മിത്ര'

തളിപ്പറമ്പ: 'ഞങ്ങൾ നിങ്ങളുടെ ശത്രുക്കളല്ല, നിങ്ങളും വിദ്യാർത്ഥികളായിരുന്നു ഇന്നലെ' എന്ന സന്ദേശവുമായി വിദ്യാർത്ഥികൾ തളിപ്പറമ്പ ബസ്സ്റ്റാന്റിൽ ബസ് ജീവനക്കാരുമായി നടത്തിയ സൗഹൃദ സമ്പർക്കം ശ്രദ്ധേയമായി. 'ഓപ്പറേഷൻ മിത്ര' എന്ന പേരിൽ എസ്.എസ്.എഫ് തളിപ്പറമ്പ ഡിവിഷൻ കാമ്പസ് സമിതിക്ക് കീഴിലാണ് പരിപാടി സംഘടിപ്പിച്ചത്. നമുക്കിടയിൽ മതിലുകളും ശത്രുക്കളും വേണ്ട. ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. സ്നേഹത്തിന്റെ ഭാഷയും പുഞ്ചിരിയും കൈവശമുള്ളവരാണ് വിദ്യാർത്ഥികളെന്നും ദിവസേനയുള്ള യാത്രകളിൽ ബസ് ജീവനക്കാർ പുഞ്ചിരിക്കണമെന്നും സമാധാന ശൈലിയിൽ സംസാരിക്കണമെന്നും വിദ്യാർത്ഥികൾ ബസ് ജീവനക്കാരെ ഉണർത്തി. ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ വിദ്യാർത്ഥികൾ മനസിലാക്കണമെന്നും താങ്ങാവുന്നതിലധികം വിദ്യാർത്ഥികൾ ഒരേ ബസിൽ കയറുന്നത് ജീവനക്കാരെ പോലെ മറ്റു യാത്രക്കാരെയും ബാധിക്കുന്ന കാര്യങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ വിട്ടുനിൽക്കണമെന്ന് ബസ് ജീവനക്കാരും അഭിപ്രായപ്പെട്ടു. ബസ് ജീവനക്കാർക്ക് വിദ്യാർത്ഥികൾ മധുരവും നൽകി. സുഹൈൽ നരിക്കോട്, ശാക്കിർ ഹുമൈദി, സാദിഖ് കടമ്പേരി, സഫ്‌വാൻ വായാട്, വാരിസ് എളമ്പേരം, അബ്ദുറഹ്മാൻ തിരുവട്ടൂർ നേതൃത്വം നൽകി.

വിധവയോട് അശ്ലീലഭാഷണം; കേസെടുത്തു

ഇരിട്ടി: വിധവയായ വീട്ടമ്മയെ മൊബൈൽ ഫോണിൽ വിളിച്ച് നിരന്തരം അശ്ലീല സംഭാഷണം നടത്തിയതിന് പോലീസ് കേസെടുത്തു. അമ്പായത്തോട്ടെ വീട്ടമ്മയുടെ പരാതിയിലാണ് കച്ചേരിക്കടവ് സ്വദേശിയായ യുവാവിനെതിരെ കേസെടുത്തത്. വീട്ടമ്മയുടെ കൂട്ടുകാരിയുടെ മകനാണ് ഇയാൾ. അമ്മയിൽ നിന്ന് വിധവയുടെ ഫോൺ നമ്പർ കൈക്കലാക്കിയാണ് അശ്ലീല സംഭാഷണം നടത്തിയതെന്നാണ് കരുതുന്നത്.

என் நிலம் என் உரிமை!
8-வழி சுங்கச்சாலை திட்டத்தை கைவிடக்கோரி
2018 ஆகஸ்ட் 1-7

നിർദ്ദിഷ്ട സേലം-ചെന്നൈ പാതക്കെതിരെ സി.പി.എം നേതൃത്വത്തിൽ നടന്ന പ്രകടനം

സേലത്തെ 'വയൽക്കിളികൾ' സി.പി.എം

കണ്ണൂർ: വൻതോതിൽ കുടിയൊഴിപ്പിക്കുകയും കൃഷിയിടങ്ങളും വനഭൂമിയും നശിപ്പിക്കുകയും ചെയ്ത് പണിയുന്ന സേലം - ചെന്നൈ എട്ടുവരിപ്പാതക്കെതിരെ സി.പി.എം നേതൃത്വത്തിൽ വൻ പ്രക്ഷോഭം. പാർട്ടി മുഖപത്രമായ ദേശാഭിമാനിയാണ് ഇന്ന് ഇക്കാര്യം പ്രസിദ്ധീകരിച്ചത്. തിരുവണ്ണാമലയിൽ നിന്ന് സേലം വരെയുള്ള 170 കിലോമീറ്റർ ദൂരം കർഷകരെ പങ്കെടുപ്പിച്ച് റോഡിനെതിരെ നടത്താനിരുന്ന കാൽനടജാഥ പോലീസ് തടഞ്ഞതിനെ കുറിച്ചാണ് വാർത്ത.

സേലം- ചെന്നൈ എട്ടുവരിപ്പാതക്കായി ഏഴായിരം ഏക്ര ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുന്നത്. ഇതിൽ ഏറിയ പങ്കും കൃഷിയിടമാണ്. ഇതിന് പുറമെ നൂറുകണക്കിന് ഏക്കർ വനഭൂമിയും ഏറ്റെടുക്കുന്നുണ്ടെന്ന് വാർത്തയിൽ ചൂണ്ടിക്കാണിക്കുന്നു. നിലവിൽ സേലത്ത് നിന്ന് ചെന്നൈയിലേക്ക് രണ്ട് പാതകൾ ഉണ്ട്. അവയിൽ ഒന്ന് നാലുവരിപ്പാതയാണ്. നാലുവരിപ്പാത വികസിപ്പിച്ച് എട്ട് വരിപ്പാത നിർമ്മിക്കാമെങ്കിലും സർക്കാർ പുതിയ എട്ടുവരിപ്പാതയുമായി തന്നെ മുന്നോട്ടുപോകുകയാണെന്നും സി.പി.എം ആരോപിക്കുന്നു. അതേസമയം കേരളത്തിൽ നിലവിലുള്ള ദേശീയപാത വികസിപ്പിക്കണമെന്ന ആവശ്യത്തെ സി.പി.എം നിരാകരിക്കുകയാണ്. 1980ൽ തന്നെ നിലവിലുള്ള ദേശീയ പാതക്കരികെ നിരവധി സ്ഥലങ്ങളിൽ പാത വികസിപ്പിക്കാൻ സ്ഥലമേറ്റെടുത്തിരുന്നു.

ഓണവിപണി ലക്ഷ്യമിട്ട് ചാരായ ലോബികൾ; 200 ലിറ്റർ വാഷ് എക്സൈസ് നശിപ്പിച്ചു

ആലക്കോടെ വനമേഖലകളിൽ നിന്ന് പിടിച്ചെടുത്ത വാഷ് തളിപ്പറമ്പ സർക്കിൾ എക്സൈസ് സംഘം നശിപ്പിക്കുന്നു.

തളിപ്പറമ്പ: ഓണം സ്പെഷ്യൽ ഡ്രൈവിനോടനുബന്ധിച്ച് തളിപ്പറമ്പ സർക്കിൾ എക്സൈസ് സംഘം ആലക്കോട് റെയിഞ്ചിലെ താറ്റിയാട് വനമേഖലയിലും പോത്തുകുണ്ട് കോളനി ഭാഗത്തും നടത്തിയ പരിശോധനയിൽ തോട്ടുചാലിൽ പ്രവർത്തിക്കുന്ന വൻ വാറ്റുകേന്ദ്രങ്ങളും വാറ്റുപകരണങ്ങളും കണ്ടെത്തി നശിപ്പിച്ചു. ചാരായം വാറ്റാൻ തയ്യാറാക്കി സൂക്ഷിച്ച 200 ലിറ്ററോളം വാഷ് കണ്ടെടുക്കുകയും കേസെടുക്കുകയും ചെയ്തു. പ്രതികളെ കുറിച്ച് എക്സൈസിന് സൂചന ലഭിച്ചിട്ടുണ്ട്. ഇവർ നിരീക്ഷണത്തിലാണ്. പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യുമെന്ന് എക്സൈസ് സംഘം അറിയിച്ചു. പ്ലാസ്റ്റിക് കുടങ്ങളിൽ നിറച്ച് മണ്ണിൽ കുഴിയെടുത്തും പാറക്കെട്ടുകൾക്കിടയിലുമാണ് വാഷ് സൂക്ഷിച്ചിരുന്നത്. ഓണവിപണി ലക്ഷ്യമിട്ട് മലയോര മേഖലയായ നടുവിൽ, ആലക്കോട്, മേഖലയിലും ടൂറിസ്റ്റ് കേന്ദ്രങ്ങളായ പാലക്കയംതട്ട്, പൈതൽമല ഭാഗങ്ങളിലും ചാരായം എത്തിക്കുന്നതിനുള്ള ചാരായ ലോബികളുടെ നീക്കത്തെ കുറിച്ച് എക്സൈസിന് സൂചന ലഭിച്ചിരുന്നു. മലയോര മേഖലകളിൽ കോളനി നിവാസികളെ പ്രലോഭിപ്പിച്ച് ചാരായം വാറ്റാൻ ലോബികൾ ശ്രമം നടത്തിയിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് എക്സൈസ് പരിശോധന നടത്തിയത്.

പ്രിവന്റീവ് ഓഫീസർമാരായ കെ.പി. മധുസൂദനൻ, എ. അസീസ്, സിവിൽ എക്സൈസ് ഓഫീസർമാരായ വി. മനോജ്, എം. ഗോവിന്ദൻ, ഡ്രൈവർ കെ.വി. പുരുഷോത്തമൻ എന്നിവരും പരിശോധനയിൽ പങ്കെടുത്തു.

GREEN PHARMA
Green pharma
SAR ASSOCCATES, Nr. മൊയ്തീൻ പള്ളി, മാർക്കറ്റ് റോഡ്, തളിപ്പറമ്പ

അലോപ്പതി വിഭാഗം
ഡോ. ഷബീർ ഫക്രുദ്ദീൻ
(MBBS, General Medicine)
ചൊവ്വ, ബുധൻ, വെള്ളി
വൈകുന്നേരം 4 മണി മുതൽ 6 മണി വരെ
Contact No: 9526050899

ആയുർവ്വേദ ചികിത്സകൾ
വെരിക്കോസ് വെയിൻ (രക്തമോക്ഷ ചികിത്സ),
നാഡീരോഗ ചികിത്സ, സ്ത്രീരോഗ ചികിത്സ, തലവേദന,
വാതരോഗ ചികിത്സ, കർക്കിടക ചികിത്സ,
കൗൺസിലിങ്ങ് ക്ലാസുകൾ, ശിശുരോഗം.
വിദഗ്ധ ആയുർവേദ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്
Contact No: 9188078360

ബി.ജെ.പി സംസ്ഥാന പുനസംഘടനയിൽ മേധാവിത്വത്തിന് ഇരു ഗ്രൂപ്പുകളും നേർക്കുനേർ

കണ്ണൂർ: രണ്ട് മാസത്തിന് ശേഷം സംസ്ഥാന പ്രസിഡണ്ടിനെ നിശ്ചയിച്ചെങ്കിലും സഹഭാരവാഹികളെ കണ്ടെത്തുന്നതിന് മുമ്പ് ഇരു ഗ്രൂപ്പുകളും ശക്തി തെളിയിക്കാൻ അണിയറയിൽ നീക്കം തുടങ്ങി. മുരളീധരപക്ഷത്തുള്ള കെ. സുരേന്ദ്രനും കൃഷ്ണദാസ് പക്ഷത്തുള്ള എ.എൻ. രാധാകൃഷ്ണനുമാണ് നിലവിൽ പ്രധാന ജനറൽ സെക്രട്ടറിമാർ. ഇവരെ കൂടാതെ ഓരോരാളെ കൂടി രണ്ടുപക്ഷത്തുനിന്നും ജനറൽ സെക്രട്ടറിമാരാക്കാൻ ഇരുവിഭാഗവും അണിയറയിൽ നീക്കം തുടങ്ങി. കഴിഞ്ഞ തവണ സുരേന്ദ്രനെ ജനറൽ സെക്രട്ടറിയാക്കിയിരുന്നെങ്കിലും സ്വന്തം തട്ടകമായ മലബാറിന്റെ ചുമതല നൽകാതെ മധ്യ കേരളത്തിന്റെ ചുമതലയാണ് നൽകിയിരുന്നത്. ഇത്തവണ മലബാറിന്റെയും ചുമതല വേണമെന്നവാശിയിലാണ് മുരളീധരന്റെ മനസാക്ഷി സൂക്ഷിപ്പുകാരനായ സുരേന്ദ്രന്റെ നിലപാട്. എന്നാൽ ആർ.എസ്.എസ് നേതൃത്വം ഇത് തടയാൻ രംഗത്തുണ്ട്. രണ്ട് ഗ്രൂപ്പുകൾക്കും അതീതനാണെങ്കിലും അടുത്ത കാലത്തായി കൃഷ്ണദാസ് പക്ഷത്തോടാണ് ശ്രീധരൻപിള്ളക്ക് കൂറ്. ഇത് മുതലെടുക്കാനാണ് ഈ വിഭാഗത്തിന്റെ നീക്കം. അതേസമയം കടുത്ത ഗ്രൂപ്പുകാരെ ഒഴിവാക്കി പുതുമുഖങ്ങളെ നേതൃനിരയിലേക്ക് കൊണ്ടുവരണമെന്ന അഭിപ്രായം ശ്രീധരൻപിള്ളക്ക് ഉണ്ട്. ഇത് എത്രമാത്രം പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് ഉറ്റുനോക്കുന്നത്.

സ്കൂളിനായി നിർമ്മിച്ച കെട്ടിടം പൊളിക്കണമെന്നാവശ്യപ്പെട്ട് പരാതി

ആലക്കോട്: നിർമ്മാണത്തിൽ തകരാറുകൾ സംഭവിച്ചതായി ആക്ഷേപമുയർന്ന ഉദയഗിരി പ്രത്യാശ യു.പി സ്കൂളിന് വേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടം പൊളിച്ച് നീക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ സംരക്ഷണ സമിതി വിദ്യാഭ്യാസ വകുപ്പിനും ഉദയഗിരി പഞ്ചായത്ത് അധികൃതർക്കും പരാതി നൽകി. തലശേരി അതിരൂപത കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസി മാനേജർ, പ്രത്യാശ യു.പി സ്കൂൾ മാനേജർ എന്നിവരെ എതിർകക്ഷികളാക്കി സ്കൂൾ സംരക്ഷണ സമിതി ഭാരവാഹികളായ ജോർജ് ചീങ്കല്ലേൽ, സെബാസ്റ്റ്യൻ മഠത്തിപറമ്പിൽ, ജോസഫ് ഞവരക്കാട്ട്, സണ്ണി കുളമാലിൽ, വികാസ് അമ്പാട്ടുകഴിയിൽ, ബെന്നി ചിറ്റടിയിൽ, ജോണി ഉണ്ണിയേപ്പള്ളി എന്നിവരാണ് പരാതി നൽകിയത്. ഗുരുതരമായ നിർമ്മാണ തകരാറുള്ളതായി കണ്ടെത്തിയ കെട്ടിടം സ്കൂൾ കോമ്പൗണ്ടിൽ നിലനിൽക്കുന്നത് അപകട ഭീഷണിയുയർത്തുന്ന സാഹചര്യത്തിൽ പൊളിച്ച് നീക്കുന്നതിന് കഴിഞ്ഞ 15ന് ഉദയഗിരി പള്ളിയിൽ ചേർന്ന പൊതുയോഗം തീരുമാനമെടുത്തിരുന്നുവെങ്കിലും പിന്നീട് ഇതിന് കടകവിരുദ്ധമായ നടപടികളാണ് സ്കൂൾ അധികൃതർ സ്വീകരിക്കുന്നതെന്നും പഞ്ചായത്ത് അനുമതി പോലും വാങ്ങാതെ നിർമ്മിച്ച കെട്ടിടം അടിയന്തരമായി പൊളിച്ച് നീക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടു.

പൂവ്വം സ്വദേശി...

(ഒന്നാം പേജിൽ നിന്ന്) പരാതിയെ തുടർന്ന് ആത്മഹത്യാപ്രേരണക്ക് വിപിന്റെ പേരിൽ പോലീസ് കേസെടുത്തു. ഇതോടെ ഇയാൾ നാട്ടിൽ നിന്ന് മുങ്ങി. പത്തനംതിട്ട, കോട്ടയം തുടങ്ങിയ പ്രദേശങ്ങളിൽ ഒളിവിൽ കഴിഞ്ഞ ശേഷം തിരുവട്ടൂരിലെ ഒരു ഫാമിൽ ഒളിച്ചുതാമസിക്കുകയായിരുന്നു.

അംഗനവാടി ജീവനക്കാരുടെ ഓണറേറിയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്ന ഉത്തരവ് പ്രതിസന്ധി സൃഷ്ടിച്ചു

നടുവിൽ: അംഗനവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം തദ്ദേശസ്വയംഭരണ വകുപ്പ് നൽകണമെന്ന പൊടുന്നനെയുള്ള ഉത്തരവ് പ്രതിസന്ധി സൃഷ്ടിച്ചു. നേരത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓണറേറിയം നൽകേണ്ടതില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വനിത ശിശുവികസന വകുപ്പ് നേരിട്ട് തന്നെ ഓണറേറിയം നൽകണമെന്നായിരുന്നു തീരുമാനം. ഇതേ തുടർന്ന് 2018-19 വർഷത്തെ പ്രൊജക്ട് തയ്യാറാക്കിയപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി പണം നീക്കിവച്ചിരുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊജക്ടുകൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിരുന്നു. സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണ ഘട്ടത്തിലേക്ക് കടക്കുകയും ചെയ്തു. സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവഹണം പൂർത്തീകരിച്ചില്ലെങ്കിൽ സ്പിൽഓവറായി അടുത്ത വർഷത്തെ പദ്ധതിയിലേക്ക് തുക വകയിരുത്തില്ലെന്ന് സർക്കാർ കർശന നിർദേശം നൽകിയിരുന്നു. അതിനാൽ ജനുവരിയോടുകൂടി തന്നെ പദ്ധതികളുടെ 80 ശതമാനവും പൂർത്തീകരിക്കണമെന്ന വാശിയോടെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുപോകുന്നത്.

അതിനിടയിൽ ഇന്നലെ ഉച്ചയോടെയാണ് 2018-19 സാമ്പത്തിക വർഷം മുതൽ അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിലെ സർക്കാർ വിഹിതം പ്രൊജക്ട് വച്ച് നൽകുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്ന് അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ നിശ്ചിത അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന ഉത്തരവ് ലഭിച്ചത്. ഇതോടെ ഓണറേറിയം ഇനത്തിലെ പകുതി തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടിവരും. സാമ്പത്തിക വർഷത്തിലെ ആറ് മാസത്തെ തുകയാണ് ട്രാൻസ്ഫർ ചെയ്യേണ്ടിവരിക. ഇത് ലക്ഷക്കണക്കിന് രൂപ വരും. വികസന ഫണ്ടിൽ നിന്ന് തുക വകമാറ്റിയാൽ പദ്ധതികളിൽ പലതും വെള്ളത്തിലാകുമെന്നതാണ് അവസ്ഥ.

19ന് പ്രതിഷേധ ജനകീയ കൂട്ടായ്മ

മാടായിക്കാവ് ക്ഷേത്രഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കും: ഒ.കെ.വാസു

പഴയങ്ങാടി: മാടായിക്കാവ് ക്ഷേത്ര ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമെന്ന് ദേവസ്വം പ്രസിഡണ്ട് ഒ.കെ. വാസു പറഞ്ഞു. മാടായി കാവിന് സമീപം സ്വകാര്യ വ്യക്തിമതിൽ കെട്ടി കയ്യേറ്റം നടത്തി എന്ന ക്ഷേത്ര നവീകരണ സമിതിയുടെ പരാതി അന്വേഷിക്കാൻ എത്തിയതായിരുന്നു ഒ.കെ. വാസു. 600 ഏക്കറിലധികം ഉണ്ടായിരുന്ന ക്ഷേത്ര ഭൂമി ഇന്ന് അത് മുന്നൂറ് ഏക്കറായി കുറഞ്ഞിട്ടുണ്ട്. സ്വകാര്യ വ്യക്തികളും, മത സംഘടനകളും കോളേജും സ്വകാര്യ സ്കൂളും അടക്കം ഭൂമി കയ്യേറിയിട്ടുണ്ട്. ഇത്തരം കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നിയമനടപടികളുമായി മുന്നോട്ട് പോകുമെന്നും കേസ് നടത്തിപ്പിനായി ടാസ്ക് ഫോഴ്സ് രൂപീകരിക്കുമെന്നും ഒ.കെ. വാസു മാധ്യമ പ്രവർത്തകരോട് പറഞ്ഞു. കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ചിറക്കൽ കോവിലകം ട്രസ്റ്റ് ലെയ്സൺ ഓഫീസറടക്കം കണ്ടില്ലെന്ന് നടിക്കുന്നതിൽ പ്രതിഷേധിച്ചും മാടായിക്കാവ് വള്ളിക്കെട്ട് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ക്ഷേത്രം നവീകരണ സമിതിയുടെ നേതൃത്വത്തിൽ പ്രതീകാത്മകമായി 19ന് മനുഷ്യവേലി നിർമ്മിച്ച് ജനകീയ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുമെന്ന് സംരക്ഷണ സമിതി അറിയിച്ചു.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2,750
പവന് :22,000

പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്,
ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

വഞ്ചനാക്കുറ്റത്തിന് അറസ്റ്റ് ചെയ്തു

തളിപ്പറമ്പ: ബസ് നൽകാമെന്ന് പറഞ്ഞ് നാല് ലക്ഷം രൂപ വാങ്ങി വഞ്ചിച്ച കേസിൽ കൊണ്ടോട്ടിയിലെ യുവാവിനെ തളിപ്പറമ്പ പോലീസ് അറസ്റ്റ് ചെയ്തു. ഫിറോസ്ബാബിനെയാണ് എസ്.ഐ കെ.ദിനേശൻ, എ.എസ്.ഐ ചന്ദ്രൻ എന്നിവർ ചേർന്ന് പിടികൂടിയത്. 2015ൽ ബസ് നൽകാമെന്ന് പറഞ്ഞ് തളിപ്പറമ്പ സ്വദേശിയിൽ നിന്നും നാല് ലക്ഷം വാങ്ങി വഞ്ചിച്ചുവെന്നാണ് കേസ്.

നാറാത്ത് കല്ലൂരിക്കടവിൽ നിന്ന് പോലീസ് പിടികൂടിയ മണലും തോണിയും

നാറാത്ത് മണൽവേട്ട; തോണിയും രണ്ട് ലോഡ് മണലും പിടികൂടി

മയ്യിൽ: നാറാത്ത് കല്ലൂരിക്കടവിൽ ഇന്ന് പുലർച്ചെ മയ്യിൽ എസ്.ഐ ബാബുമോന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിൽ രണ്ട് ലോഡ് മണലും തോണിയും പിടികൂടി. തോണിയിൽ മണൽവാരി നിറച്ചുകൊണ്ടിരിക്കെയാണ് പോലീസെത്തിയത്. തോണിയിലുണ്ടായിരുന്ന ആൾ പുഴയിൽ ചാടി നീന്തി രക്ഷപ്പെട്ടു. കരയ്ക്ക് നിൽക്കുകയായിരുന്ന മറ്റൊരാൾ ഓടിരക്ഷപ്പെടുകയും ചെയ്തു. സി.പി.ഒമാരായ ഇ.രാജേഷ്, പി.ലക്ഷ്മണൻ, സി.പി.രതീഷ് എന്നിവരും പോലീസ് സംഘത്തിലുണ്ടായിരുന്നു.

കരിവെള്ളൂരിൽ ടാങ്കർ ലോറിയും ആംബുലൻസും കൂട്ടിയിടിച്ചു

പയ്യന്നൂർ: ദേശീയപാതയിൽ കരിവെള്ളൂർ ഓണക്കുന്നിൽ ടാങ്കർ ലോറി ആംബുലൻസിൽ ഇടിച്ചു. ഇന്ന് പുലർച്ചെ ഒരു മണിയോടെയാണ് അപകടം. അപകടത്തെ തുടർന്ന് ദേശീയപാതയിൽ ഗതാഗതം തടസപ്പെട്ടു. പരിയാരം മെഡി. കോളേജാശുപത്രിയിൽ രോഗിയെ ഇറക്കി തിരിച്ചുവരികയായിരുന്ന ആംബുലൻസിൽ മംഗലാപുരത്ത് നിന്ന് പാലക്കാടേക്ക് പാചകവാതകവുമായി പോവുകയായിരുന്ന ടാങ്കർ ലോറി ഇടിക്കുകയായിരുന്നു. അപകടത്തിൽ ആർക്കും പരിക്കില്ല. പയ്യന്നൂർ പോലീസ് സ്ഥലത്തെത്തി അപകടത്തിൽപെട്ട വാഹനങ്ങൾ മാറ്റിയാണ് ഗതാഗതം പുനസ്ഥാപിച്ചത്.

പഴയങ്ങാടി ജ്വല്ലറി കവർച്ച; മുഖ്യപ്രതിക്ക് ജാമ്യം ലഭിച്ചു

പയ്യന്നൂർ: പട്ടാപ്പകൽ പഴയങ്ങാടിയിലെ അൽഫാത്തിബി ജ്വല്ലറി കുത്തിത്തുറന്ന് മൂന്ന് കിലോ സ്വർണ്ണവും രണ്ട് ലക്ഷം രൂപയും കവർന്ന കേസിൽ മുഖ്യപ്രതിക്ക് ജാമ്യം ലഭിച്ചു. പഴയങ്ങാടി മൊട്ടാമ്പ്രത്തെ എ.പി. റഫീഖിന് (40)ആണ് പയ്യന്നൂർ ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോടതി ജാമ്യം അനുവദിച്ചത്. കേസിലെ രണ്ടാംപ്രതി മാടായി പോസ്റ്റോഫീസിന് സമീപം പന്തൽ പണി നടത്തുന്ന കെ.വി. നൗഷാദിന് കോടതി നേരത്തെ ജാമ്യം അനുവദിച്ചിരുന്നു. എന്നാൽ രണ്ടുപേരും തളിപ്പറമ്പ് ചപ്പാരപ്പടവ് പെരുവണയിൽ നടന്ന കവർച്ചാക്കേസിലും റിമാന്റിലാണ്. അതിനാൽ ഇരുവർക്കും പുറത്തിറങ്ങാൻ കഴിഞ്ഞിട്ടില്ല.

യുവതി ആത്മഹത്യ ചെയ്ത കേസിൽ ഭർത്താവ് അറസ്റ്റിൽ

തളിപ്പറമ്പ: യുവതി കെട്ടിത്തൂങ്ങി മരിച്ച കേസിൽ ഭർത്താവിനെ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു. പൂവത്തെ വടക്കുന്നേൽ ഹൗസിൽ വി.ബിബിനെയാണ് (32) സി.ഐ കെ.ജെ.വിനോയ് അറസ്റ്റ് ചെയ്തത്. 2017 ജൂലായ് എട്ടിനാണ് ബിബിന്റെ ഭാര്യ ജ്യോതി ദേവസ്യ കാർക്കീലെ വീടിന്റെ ഉമ്മറപ്പടിയിൽ തൂങ്ങിമരിച്ചത്. മദ്യപിച്ച് സ്ഥിരമായി ശാരീരികമായി ബിബിൻ ഭാര്യയെ ഉപദ്രവിക്കാറുണ്ടത്രെ. ഇതുസഹിക്കാൻ കഴിയാത്തതിനെ തുടർന്നാണ് ഇവർ ആത്മഹത്യ ചെയ്തതെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് അറസ്റ്റ്.

ചരമം

ചാക്കോ

ആലക്കോട്: ആദ്യകാല കുടിയേറ്റ കർഷകൻ ആലക്കോട് സെന്റ് മേരീസ് പള്ളിക്ക് സമീപത്തെ ഇലഞ്ഞിപ്പുറത്ത് ചാക്കോ (85) നിര്യാതനായി. ഭാര്യ: കാവിത്താഴെ കുടുംബാംഗം പരേതയായ ഏലിക്കുട്ടി. മക്കൾ: സണ്ണി, മേരിയമ്മ, കുഞ്ഞൂഞ്ഞമ്മ, സോഫിയാമ്മ, സിസ്റ്റർ സെലസ്റ്റിൻ (ആന്ധ്ര), സിസ്റ്റർ സിസിലി (ത്രിപുര), സിസ്റ്റർ മിനി ആൻസ് (ആലപ്പുഴ), സജി. മരുമക്കൾ തെയ്യാമ്മ കുര്യന്താനത്ത് (ചെമ്പേരി), കുഞ്ഞുഞ്ഞ് മാമ്പൂട്ടിൽ (ഏറ്റുമാനൂർ), ജയിംസ് മുളന്താനത്ത് (തേർത്തല്ലി), വർക്കിച്ചൻ കൂവത്തോട്ട്, ബ്ലെസി (ഇരുവരും വിലങ്ങാട്ട്). സംസ്കാരം നാളെ രാവിലെ 11 മണിക്ക് ആലക്കോട് സെന്റ് മേരീസ് പള്ളിയിൽ.

ദേവസ്യാച്ചൻ

ആലക്കോട്: കാർത്തികപുരത്തെ ആദ്യകാല കുടിയേറ്റ കർഷകനും മലയോരത്തെ പ്രമുഖ വോളിബോൾ താരവുമായിരുന്ന കച്ചിറയിൽ ദേവസ്യാച്ചൻ (ഇട്ടിച്ചൻ-75) നിര്യാതനായി. ഭാര്യ: താളിപ്പാറ പാലയ്ക്കൽ കുടുംബാംഗം ഏലിയാമ്മ (ആലക്കോട് സർവീസ് സഹകരണ ബാങ്ക് റിട്ട. ജീവനക്കാരി). മക്കൾ: ലിജു (എറണാകുളം), മഞ്ജു (സെന്റ് മേരീസ് കോളേജ്, തൃശൂർ), ജൂലി. മരുമക്കൾ: ദിവ്യ നടുവിലേക്കുറ്റ് (ചിറ്റാരിക്കൽ), ആന്റോ ഉക്കൽ (ഇലക്ട്രിക് ഇൻസ്പെക്ടറേറ്റ്, കൽപ്പറ്റ). ആഷിഷ് പടിഞ്ഞാറെ ആനശേരിൽ (ചെമ്പേരി). സഹോദരങ്ങൾ: ജോസഫ്, മേരി, സിസ്റ്റർ ലുമിന, സിസ്റ്റർ ജോസഫിൻ, ഫിലോമിന, പരേതരായ തോമസ്, ഫ്രാൻസീസ്. സംസ്കാരം ഇന്ന് വൈകുന്നേരം നാല് മണിക്ക് കാർത്തികപുരം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലെ കുടുംബകല്ലറയിൽ.

തോമസ്

ആലക്കോട്: പരപ്പയിലെ ആദ്യകാല കുടിയേറ്റ കർഷകൻ പുതുപ്പള്ളിൽ തോമസ് (80) മണക്കടവിലെ മകളുടെ വസതിയിൽ നിര്യാതനായി. ഭാര്യ: വെട്ടികുളങ്ങര കുടുംബാംഗം ത്രേസ്യാമ്മ. മക്കൾ: സൂസി, ലില്ലി, മാമ്മച്ചൻ, മോളി. മരുമക്കൾ: ജോർജ് പെരുമ്പള്ളിക്കുന്നേൽ (മൈസൂർ), വർഗീസ് കാവുംമുറിയിൽ (തങ്കച്ചൻ- മണക്കടവ്), ഡോമിനിക് ചേരോലിക്കൽ (ആലക്കോട്), പരേതയായ ജോയിയമ്മ തൈമുറിയിൽ (അരിവിളഞ്ഞപൊയിൽ). സംസ്കാരം നാളെ രാവിലെ 11 മണിക്ക് മണക്കടവ് സെന്റ് തോമസ് പള്ളിയിൽ.

കത്രീന

ആലക്കോട്: കാവുംകുടിയിലെ പരേതനായ ആനിത്തോട്ടത്തിൽ മത്തായിയുടെ ഭാര്യ കത്രീന (91) നിര്യാതയായി. മക്കൾ: മേരിക്കുട്ടി, ജോസഫ് (തങ്കച്ചൻ), ബീന, പരേതയായ ലീലാമ്മ. മരുമക്കൾ: തങ്കച്ചൻ പന്നകത്തിൽ (ചെമ്പന്തൊട്ടി), ആന്റണി പുതുപ്പറമ്പിൽ (പെരുമ്പടവ്), മേഴ്സി കാഞ്ഞിരത്തിൻമൂട്ടിൽ (പരപ്പ), സേവ്യർ മഠത്തിൽ (മണ്ടളം). സംസ്കാരം നാളെ രാവിലെ 10.30ന് വെള്ളാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ.

പൗലോസ്

പെരുമ്പടവ്: പെരുമ്പടവിലെ ഇടക്കാലത്തു പുത്തൻപുരയ്ക്കൽ പൗലോസ് (64) നിര്യാതനായി. ഭാര്യ: മോളി. മക്കൾ: അനീഷ്, അനീഷ. സംസ്കാരം ഇന്ന് വൈകുന്നേരം നാല് മണിക്ക് പെരുമ്പടവ് സെന്റ് ജോസഫ്സ് പള്ളിയിൽ.

16 കുപ്പി മദ്യം പിടികൂടി

ആലക്കോട്: മദ്യഷാപ്പുകൾ അവധിയായ ഒന്നാം തീയതിയുടെ മറവിൽ അനധികൃത വിൽപ്പനയ്ക്കായി സൂക്ഷിച്ച 16 കുപ്പി വിദേശമദ്യം എക്സൈസ് പിടികൂടി. ഇന്നലെ രാവിലെ 11.30 ഓടെ ആലക്കോട് അസി. എക്സൈസ് ഇൻസ്പെക്ടർ റെനി ഫെർണാണ്ടസും സംഘവും കരുവഞ്ചാലിൽ നടത്തിയ റെയ്ഡിലാണ് മദ്യം പിടികൂടിയത്. സംഭവവുമായി ബന്ധപ്പെട്ട് കരുവഞ്ചാലിലെ എം.വി നോയിയെ (40) അറസ്റ്റ് ചെയ്തു.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 237 RNI Reg.No.KER MAL/2007/22043